# പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3262 | | 19.06.2019-ൽ മറുപടിയ്ക്ക് | |
|---|---|---|---|
| മൾട്ടിലെവൽ പാർക്കിംഗ് സംവിധാനം | | | |
| ചോദ്യം | | ഉത്തരം | |
| ശ്രീ.കെ.എസ്.ശബരീനാഥൻ | | എ.സി.മൊയ്തീൻ<br>തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി | |
| (എ) | തിരുവനന്തപുരം നഗരത്തിൽ വാഹനങ്ങൾ പാർക്ക് ചെയ്യുവാൻ അനുഭവപ്പെടുന്ന ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട് |
| (ബി) | കേന്ദ്ര സർക്കാരിന്റെ അമൃത് പദ്ധതിയിൽ ഉൾപ്പെടുത്തി മൾട്ടിലെവൽ പാർക്കിംഗ് സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നടപടി ഏത് ഘട്ടത്തിലാണ്; | (ബി) | അമൃത് പദ്ധതിയിൽ തിരുവനന്തപുരം കോർപ്പറേഷൻ അർബൻ ട്രാൻസ്പോർട്ട് സെക്ടറിൽ ഉൾപ്പെടുത്തി മൾട്ടി ലെവൽ പാർക്കിംഗ് സംവിധാനം താഴെപ്പറയുന്ന മൂന്ന് സ്ഥലങ്ങളിലായി നടപ്പിലാക്കുന്നു.<br>1. തിരുവനന്തപുരം കോർപ്പറേഷൻ കോമ്പൗണ്ടിൽ 102 വാഹനങ്ങൾ പാർക്ക് ചെയ്യുന്നതിനുള്ള 6.41 കോടി രൂപയുടെ പദ്ധതിക്കുള്ള വർക്ക് അവാർഡ് ചെയ്ത് എഗ്രിമെന്റ് വച്ച് വർക്ക് ആരംഭിച്ചിട്ടുണ്ട്. ഫൗണ്ടേഷൻ ബേസ്മെന്റിന്റെ നിർമ്മാണം പൂർത്തികരിച്ച് തുടർന്നുള്ള വർക്കുകൾ നടന്നു വരുന്നു.<br>2. തിരുവനന്തപുരം പുത്തിരിക്കണ്ടം മൈതാനത്തുള്ള 210 വാഹനങ്ങൾ പാർക്ക് ചെയ്യുന്നതിനായി 11.23 കോടി രൂപയുടെ പദ്ധതിയുടെ വർക്ക് അവാർഡിംഗ് പൂർത്തീകരിച്ചു. എഗ്രിമെന്റ് വയ്ച്ച് പ്രാരംഭ പ്രവർത്തിയായ സോയിൽ ടെസ്റ്റിംഗ് വർക്കുകൾ ആരംഭിച്ചു.<br>3. തിരുവനന്തപുരം മെഡിക്കൽ കോളേജ് ഗ്രൗണ്ടിൽ 202 വാഹനങ്ങൾ പാർക്ക് ചെയ്യുന്നതിനായിട്ടുള്ള 14 കോടി രൂപയുടെ പദ്ധതി ടെണ്ടർ ചെയ്തു. വർക്ക് അവാർഡ് ചെയ്തിട്ടുള്ളതും കരാറുകാരനുമായി എഗ്രിമെന്റ് വയ്ക്കുന്നതിനുള്ള നടപടികൾ പൂർത്തീകരിച്ചു വരുന്നു. |
| (സി) | ഈ പദ്ധതിക്കായി കേന്ദ്ര സർക്കാർ എത്ര ഫണ്ട് അനുവദിച്ചു; ഈ പദ്ധതി എന്നത്തേക്ക് പൂർത്തിയാക്കുവാനാണ് ഉദ്ദേശിക്കുന്നത്; വിശദാംശം വ്യക്തമാക്കുമോ? | (സി) | പദ്ധതിക്കായി കേന്ദ്രസർക്കാരിൽ നിന്നും 15.82 കോടി രൂപ അനുവദിച്ചിട്ടുണ്ട്.<br>1. തിരുവനന്തപുരം കോർപ്പറേഷൻ കോമ്പൗണ്ടിൽ നടന്നു വരുന്ന പദ്ധതി 31.1.2020-ൽ പൂർത്തീകരിക്കാൻ ലക്ഷ്യമിടുന്നു.<br>2. പുത്തരിക്കണ്ടം, മെഡിക്കൽ കോളേജ് ഗ്രൗണ്ട് എന്നിവിടങ്ങളിലെ പദ്ധതികൾ 31.3.2020-ൽ പൂർത്തീകരിക്കാൻ ലക്ഷ്യമിടുന്നു. |

സെക്ഷൻ ഓഫീസർ